# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6391

31.10.2011-ൽ മറുപടിക്ക്.

## തീവ്ര വ്യവസായവൽക്കരണ സഹായ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) തീവ്ര വ്യവസായവൽക്കരണ സഹായ പരിപാടിക്കായി എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത് ; പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് ലക്ഷ്യമിടുന്നത് ; | (എ) 200 ലക്ഷം രൂപയാണ് 2011-2012-ൽ ഇതിനായി വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, നിലവിലുള്ള കംപ്യൂട്ടർവൽക്കരണ പരിപാടികൾ തുടരുക, വ്യവസായ വകുപ്പിലും അതിന്റെ കീഴിലുള്ള ഉപഓഫീസുകളിലും പൗര സേവന രേഖ നടപ്പിലാക്കൽ, ഏകജാലക സംവിധാനം ഒരുക്കൽ, കംപ്യൂട്ടർവൽക്കരണ പരിപാടികൾ, സംരംഭക ഉപദേശക സമിതി ചെലവുകൾ, സംരംഭക പുരോഗമന പരിപാടികൾ, എന്റർപ്രെണേഴ്സ് മെമ്മോറാൻഡം ഓൺ ലൈനായി സമർപ്പിക്കാനുള്ള സംവിധാനം നടപ്പിലാക്കൽ, ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ, നൂതന സംരംഭങ്ങൾ നടപ്പിലാക്കാനുള്ള പരിശീലന പരിപാടികൾ, സംസ്ഥാനത്തിനകത്തും പുറത്തും നടക്കുന്ന വിവിധ വ്യവസായ മേളകളിൽ പങ്കെടുക്കുക, ചെറുകിട വ്യവസായികൾക്കുള്ള അവാർഡ്, വകുപ്പുദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, വിവര സാങ്കേതിക വിദ്യകൾ ഏറ്റെടുക്കുന്നതിന് കെ-ബിപ്പിന് ഉണ്ടാകുന്ന ചെലവുകൾ, ചെറുകിട വ്യവസായങ്ങൾക്കുള്ള HACCP / ISO സർട്ടിഫിക്കേഷൻ, വിവിധ പദ്ധതികൾക്കായുള്ള രൂപരേഖ ഉണ്ടാക്കുക, ഇൻഡസ്ട്രീസ് ഫെസിലിറ്റേഷൻ കൗൺസിലിന്റെ ചെലവുകൾ, കയറ്റുമതിക്കാർക്കുള്ള ധനസഹായം, സ്ഥാപനങ്ങളിൽ കൂടുതൽ വ്യവസായ പുരോഗമന ക്ലബ്ബുകൾ രൂപീകരിക്കൽ, ഇൻഡസ്ട്രീസ് റിസോഴ്സ് ലോക്കേറ്റർ, ഇൻഡസ്ട്രി ഇന്റർഫെയ്സ് സെൽ നടപ്പിലാക്കുക, കെ.എസ്.എസ്.ഐ.എ-യ്ക്കും ഇ.ഡി.സി-ക്കും വേണ്ടിയുള്ള ഗ്രാന്റ്, പീഡിത വ്യവസായ യൂണിറ്റുകളുടെ പുനഃരുദ്ധാരണം, വനിത സംരംഭക വ്യവസായ പദ്ധതികളുടെ നടപ്പിലാക്കൽ എന്നിവയ്ക്കാണ് മേൽപ്പറഞ്ഞ തുക വകയിരുത്തിരിക്കുന്നത്. |

(ബി) പ്രസ്തുത പദ്ധതിയിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) പാലക്കാട് ജില്ലയിൽ തീവ്ര വ്യവസായവൽ-ക്കരണ സഹായ പരിപാടിയിലൂടെ 2011-2012-ൽ പദ്ധതികൾക്കായി ധനസഹായം നൽകിയിട്ടില്ല. .

(സി) ഒറ്റപ്പാലം സിൽക്കിൽ തീവ്ര വ്യവസായവൽ-ക്കരണ പരിപാടിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(സി) ഒറ്റപ്പാലം സിൽക്കിൽ നവീകരണ പദ്ധതിയുടെ ഭാഗമായി ഉൽപ്പാദന പ്രക്രിയയ്ക്ക് ആവശ്യ-മായ കെട്ടിടം പുതുക്കി പണിയുകയും യന്ത്രസാമഗ്രികൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതും മറ്റു അനുബ ന്ധ ജോലികളും ധൃതഗതിയിൽ നടന്നുവരുന്നു. നവീകരണ പ്രവർത്തനങ്ങളുടെ എല്ലാ ജോലികളും എത്രയും വേഗത്തിൽ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ